LIBRARY ARCHIVES Kerala Legislative Assembly

മേലടി, പന്തലായനി ബ്ലോക്കുകളിലെ ഇന്ദിര ആവാസ് യോജന പദ്ധതി

8 (3291) ശ്രീ. കെ. ദാസൻ : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മേലടി, പന്തലായനി ബ്ലോക്കുകളിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി; അനുവദിച്ച തുക, പേര് എന്നിവ സഹിതം വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജന ഭവന പദ്ധതി

9 (3292) ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന ഭവന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) അനുവദിച്ച വീടുകളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട് ; മുഴുവൻ പൂർത്തീകരിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) വീടുകളുടെ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും കൊടുത്ത് തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര പേർക്കായി എത്ര രൂപ കൊടുക്കാൻ ബാക്കിയുണ്ടെന്ന് കാരണം സഹിതം വിശദമാക്കുമോ ;

(ഡി) മുഴുവൻ തുകയും അടിയന്തരമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സ്വീകരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജന

10 (3293) ശ്രീ. ടി. വി. രാജേഷ് : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ദിര ആവാസ് യോജനയുസരിച്ച് 15-9-2011-നുശേഷം എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ് 2011-12, 2012-13,2013-14 എന്നീ വർഷങ്ങളിലായി നൽകുന്നതിന് ഉത്തരവായ പ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക,അനുവദിച്ച തുക, ബാക്കി നൽകാനുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ചു നൽകുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

ഏറനാട് മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

11 (3294) ശ്രീ. പി. കെ. ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. പ്രൈം മിനിസ്റ്റേഴ്സ് ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾക്കാണ് 2011-12, 2013-14, 2014-15 വർഷത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇവയിൽ പണി പൂർത്തിയായതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) പണി പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly